പ്രത്യേക വനമേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

251 (1995) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ, കാന്തല്ലൂർ മേഖലകളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ജീവനക്കാർക്ക് മറ്റ് മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും കൂടുതലായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; ഓരോ തസ്തികയിലും പ്രസ്തുത രീതിയിൽ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ചന്ദന ഡിവിഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏതു വർഷം മുതലാണ് പ്രത്യേക അലവൻസുകൾ നൽകിവരുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അലവൻസുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ചന്ദന ഡിവിഷനിൽ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതുപോലെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മറ്റേതെങ്കിലും മേഖലകളിൽ വനം വകുപ്പ് ജീവനക്കാർക്ക് പ്രത്യേക അലവൻസുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ ചന്ദന ഡിവിഷനിൽ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതുപോലെ മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന വനമേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക അലവൻസുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മറയൂർ ഡിവിഷനിൽ ജോലിനോക്കുന്ന ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വാച്ചർ, ഡ്രൈവർ, ടൈബൽ വാച്ചർ എന്നിവർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% സ്പെഷ്യൽ അലവൻസായി നൽകിവരുന്നുണ്ട്.

(ബി) 1-12-2009-ലെ സ.ഉ. (സാധാ.) നമ്പർ 681/2009/വനം ഉത്തരവ് പ്രകാരമാണ് സ്പെഷ്യൽ അലവൻസ് നൽകിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിലൂടെ അടിസ്ഥാന ശമ്പളത്തിൽ ഉണ്ടായ വർദ്ധനവ് പ്രസ്തുത സ്പെഷ്യൽ അലവൻസിലും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

അപകടനിലയിലുള്ള മരങ്ങൾ മുറിച്ചുനീക്കാനുള്ള സംവിധാനം

252 (1996) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ കൂടുതലായെത്തുന്ന പ്രദേശങ്ങളിലെ കേടുപാടുള്ളതും, അപകടസാധ്യതയുള്ളതുമായ വൻമരങ്ങൾ മുറിച്ച് നീക്കാനുള്ള സംവിധാനം പ്രവർത്തനക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാന നഗരിയിൽ എം.ജി. റോഡിൽ യൂണിവേഴ്സിറ്റി കോളേജിന് മുന്നിലുൾപ്പെടെയുള്ള അപകടനിലയിലുള്ള മരങ്ങൾ പരിശോധിച്ച് നീക്കം ചെയ്യാൻ അടിയന്തര നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) പൊതുജനങ്ങൾ കൂടുതലായെത്തുന്ന പ്രദേശങ്ങളിലെ കേടുപാടുള്ളതും അപകടസാധ്യതയുള്ളതുമായ മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള സംവിധാനം പ്രവർത്തനക്ഷമമായി നടന്നുവരുന്നു.

അപകട സാധ്യതയുള്ള മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള അപേക്ഷയിന്മേൽ നിലവിലുള്ള നിയമപ്രകാരം ടീ കമ്മിറ്റി പരിശോധിച്ച് യഥാസമയംതന്നെ ഭീഷണി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ പ്രദേശത്തെ ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി. റോഡു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷ നൽകുന്ന മുറയ്ക്ക് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 68/10/വനം പ്രകാരം രൂപീകരിച്ച വൃക്ഷ പരിശോധനാ കമ്മിറ്റി ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

വനേതരാവശ്യങ്ങൾക്കായി വന ഭൂമി

253 (1997) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനേതരാവശ്യങ്ങൾക്കായി വന ഭൂമി വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ഇപ്രകാരം എത്ര വനഭൂമി വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം വനഭൂമി വിട്ടുനൽകിയിരിക്കുന്നത് എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണെന്നും ആർക്കെല്ലാമാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly